# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2707 — 18.06.2018-ൽ മറുപടിക്ക്

**<u>സബ് രജിസ്ട്രാർ ഓഫീസുകളെ അഴിമതി വിമുക്തമാക്കുന്നതിനുള്ള നടപടികൾ</u>**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.കെ.ബി.ഗണേഷ് കുമാർ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) സബ് രജിസ്ട്രാർ ഓഫീസുകളെ അഴിമതി വിമുക്തമാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | എ) സബ് രജിസ്ട്രാർ ഓഫീസുകളെ അഴിമതി വിമുക്തമാക്കുന്നതിന്റെ ഭാഗമായി, രജിസ്ട്രേഷൻ വകുപ്പ് പൊതുജനങ്ങൾക്ക് നൽകിവരുന്ന വിവിധ സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുവാനും, ഫീസുകൾ ഇ-പേയ്മെന്റ് സംവിധാനം വഴി ഒടുക്കുവാനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് മൂലം ഓഫീസുകളിൽ തുക കൈകാര്യം ചെയ്യുന്നതിൽ കുറവ് വന്നിട്ടുണ്ട്. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി നേരിട്ട് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം നിലവിൽ വന്നതോടെ പൊതുജനങ്ങൾക്ക് ഓഫീസിൽ വരാതെയും ഇടനിലക്കാരുടെ സഹായമില്ലാതെയും സേവനം ലഭിക്കുന്നതാണ്. ആധാര രജിസ്ട്രേഷനായി ഓഫീസിൽ ഹാജരാകുന്നതിനുള്ള സമയം മുൻകൂട്ടി അറിയുന്നതിനും ഓൺലൈനായി ടോക്കൺ എടുക്കുന്നതിനും, ഭൂമിയുടെ ന്യായവിലയുടെ അടിസ്ഥാനത്തിൽ മുദ്രയും ഫീസും കണക്കാക്കുന്നതിനും, ആധാരത്തിന്റെ അത്യാവശ്യം വിവരങ്ങൾ ഓൺലൈനായി പരിശോധിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തികൊണ്ട് ആധാര രജിസ്ട്രേഷൻ നടപടികൾ കൂടുതൽ സുതാര്യമാക്കിയിട്ടുണ്ട്. |
| ബി) ആധാരങ്ങളുടെ പകർപ്പുകൾ ഡിജിറ്റലൈസ് ചെയ്യുന്ന സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | ബി) ആധാരങ്ങളുടെ പകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി 2018-19 സാമ്പത്തിക വർഷത്തെ പദ്ധതികളിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ